**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6766 | 04-04-2018 -ൽ മറുപടിക്ക്

**ദുരന്ത നിവാരണ അതോറിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ ശശി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് കടുത്ത വേനൽ മൂലം ഉണ്ടാകാവുന്ന സ്ഥിതി വിശേഷം റവന്യൂ വകുപ്പ് മറ്റു വകുപ്പുകളുടെ സഹകരണത്തോടെ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | എ) & ബി) | പരിശോധിച്ചിട്ടുണ്ട്.സംസ്ഥാനത്ത് വടക്കു കിഴക്കൻ കാലവർഷത്തിൽ ഉണ്ടായിരുന്ന മഴക്കുറവിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ വരൾച്ചാ അവലോകനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ 27/03/2018-ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് 27.03.2018-ലെ സ.ഉ(പി) നം.1/2018/ഡി.എം.ഡി പ്രകാരം പ്രസ്തുത ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ 2016-ലെ കേന്ദ്ര വരൾച്ചാമാന്വൽ വ്യവസ്ഥകൾ പ്രകാരം വരൾച്ചാ മേഖലയായി കണ്ടെത്തിയ ജില്ലകൾ / താലൂക്കുകൾ, പഠനം നടത്തി വരുന്നതും കണ്ടെത്തിയതുമായ ജില്ലകൾ/ താലൂക്കുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | 2016-ലെ കേന്ദ്ര വരൾച്ചാ മാന്വൽ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പു വർഷം കടുത്ത വേനലിൽ കഷ്ടപ്പെടുന്നവരെ സഹായിക്കാനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | സി) | 'വേനൽ' എന്നത് അംഗീകൃത ദുരന്തം അല്ല. വരൾച്ച പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനും പാലക്കാട് ജില്ലയിൽ കുടിവെള്ള വിതരണത്തിന് പുറമെ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ കേന്ദ്ര മാനദണ്ഡപ്രകാരം അനുവദനീയമായ നടപടികൾ സ്വീകരിക്കുന്നതിനും 28/03/2018-ലെ സ.ഉ(സാധാ) നം.180/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ജില്ലാകളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ